**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3839

31.01.2014-ലെ മറുപടിയ്ക്ക്

## ഉണർവ്വ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.ബഷീർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ ആരംഭിച്ചിട്ടുള്ള 'ഉണർവ്വ്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്ത് തീർക്കാതെയും നിന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നിയമാനുസൃതം നീക്കം ചെയ്യുന്നതിന് 'ഉണർവ്വ് 2012' പദ്ധതിക്ക് രൂപം നൽകിയിരുന്നു. 2012 മാർച്ച് 15 മുതൽ സെപ്റ്റംബർ 15 വരെ സംഘടിപ്പിക്കുന്നതിന് നിശ്ചയിച്ചിരുന്ന 'ഉണർവ്വ് പദ്ധതി' 2013 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഏതെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതികളിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (ബി) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്ത് തീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് സഹകരണ സ്ഥാപനങ്ങളുടെ ബാക്കി പത്രം സംശുദ്ധമാക്കി സഹകരണ |

സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കുക എന്നതാണ് 'ഉണർവ്വ് 2012' പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യം. സഹകരണ നിയമം/ചട്ടം, സംഘം ബൈലാ, രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചുകൊണ്ടാണ് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്. ഇതിനു വിരുദ്ധമായും വിവിധങ്ങളായ കാരണങ്ങളാലും ഉണ്ടായ ഇടപാടുകൾ ആഡിറ്റിൽ അംഗീകരിക്കാത്ത സാഹചര്യത്തിൽ ആയതിനു സമാനമായി കരുതലുകൾ വെക്കുകയും ആയത് സഹകരണ സ്ഥാപനങ്ങളുടെ നഷ്ടത്തിനിടയാക്കുകയും ചെയ്യുന്നു. കൂടാതെ ഇപ്രകാരം ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെ ബാക്കി നിൽക്കുകയും ചെയ്യുന്ന അവസ്ഥ സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നു. നിയമാനുസൃത നടപടി ക്രമങ്ങൾ പാലിച്ച് ഈടാക്കാൻ കഴിയുന്ന തുകകൾ ഈടാക്കുകയും, കൊടുക്കാനുള്ളവ കൊടുക്കുകയും, വകുപ്പ് തല അംഗീകാരം, ഭരണാനുമതി ഇവ വേണ്ട സംഗതിയിൽ ആയത് അനുവദിച്ചും, ഈടാക്കാൻ കഴിയാത്തവ പൊതുയോഗ അംഗീകാരത്തിനും രജിസ്ട്രാറുടെ അനുമതിയ്ക്കും വിധേയമായി ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും

നീക്കം ചെയ്യുന്നതിലൂടെയും സംഘങ്ങളുടെ ഇവയ്ക്കായുള്ള കരുതലുകൾ ഒഴിവാക്കി സംശുദ്ധമായ ബാക്കി പത്രം തയ്യാറാക്കുന്നതിനും സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതിനും, സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുമുള്ള നടപടികളാണ് 'ഉണർവ്വ് 2012'-ൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം സംഘാങ്ങൾക്ക് നേരിട്ട് ലഭിക്കുകയില്ലെങ്കിലും സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിലൂടെ അംഗങ്ങൾക്ക് സംഘം നൽകുന്ന സേവനങ്ങൾ കൃത്യമായി കൂടുതൽ ഗുണമേന്മയോടെ ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ